"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - എഞ്ചിനീയറിംഗ് വിഭാഗം - ജീവനക്കാര്യം - മടവൂർ ഗ്രാമപഞ്ചായത്തിൽ താത്കാലികാടിസ്ഥാനത്തിൽ ക്ലർക്കിനെ നിയമിച്ച നടപടി സാധൂകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഇ.ഡബ്ല്യൂ.എ.) വകുപ്പ്**

**സ.ഉ.(സാധാ) നം.1991/2020/ത.സ്വ.ഭ.വ** തീയതി,തിരുവനന്തപുരം. 22/10/2020

---

പരാമർശം:- മടവൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 16.04.2020 ലെ എ1-235/2020 നം. കത്ത്.

**ഉത്തരവ്**

മടവൂർ ഗ്രാമപഞ്ചായത്തിൽ അസിസ്റ്റൻറ് എൻജിനീയർ മെറ്റേണിറ്റി ലീവിൽ പ്രവേശിച്ചതു കാരണം ടി ഓഫീസ് പ്രവർത്തനം മന്ദഗതിയിലാവുകയും ബില്ലുകൾ തയ്യാറാക്കുന്നതിനും സമർപ്പിക്കുന്നതിനും ബുദ്ധിമുട്ട് നേരിടുകയും ചെയ്തിനാൽ അസിസ്റ്റൻറ് എൻജിനീയറുടെ അധികചുമതല ഒന്നാം തരം ഓവർസിയർക്ക് നൽകിയിരുന്നതായും. രണ്ടാം തരം ഓവർസിയർക്ക് മടവൂർ ഗ്രാമപഞ്ചായത്ത് കൂടാതെ കിഴക്കോത്ത് ഗ്രാമപഞ്ചായത്തിലെ കൂടി ചുമതല ഉള്ളതിനാൽ ആഴ്ചയിൽ 3 ദിവസം മാത്രമേ ടിയാളുടെ സേവനം മടവൂർ പഞ്ചായത്തിന് ലഭ്യമാകുന്നുള്ളൂ എന്നും ഇക്കാര്യം പരിശോധിച്ച ഭരണസമിതി പഞ്ചായത്ത് ഓഫീസിൽ നിന്ന് നിലവിലുള്ള ഒരു ക്ലർക്കിന്റെ സേവനം അസിസ്റ്റൻറ് എൻജിനീയർ ഓഫീസിലേക്ക് വിട്ടു നൽകാൻ തീരുമാനിച്ചിരുന്നതായും മടവൂർ പഞ്ചായത്ത് സെക്രട്ടറി അറിയിച്ചിരുന്നു. എന്നാൽ 2019-20 പദ്ധതി നിർവഹണത്തിലെ അവസാന ഭാഗത്തിലേക്ക് പ്രവേശിച്ചതും നികുതിപിരിവ് 100% ആക്കേണ്ട തിരക്കും 2020-21 വാർഷിക പദ്ധതിയുടെ രൂപീകരണം. വോട്ടർപട്ടിക പുതുക്കൽ എന്നിവമൂലമുണ്ടായ തിരക്കും കാരണം തീരുമാനം നടപ്പിലാക്കാൻ സെക്രട്ടറിക്ക് സാധിക്കാത്ത സാഹചര്യത്തിൽ 90 ദിവസത്തേക്ക് ഒരു ക്ലർക്കിനെ താത്കാലികമായി നിയമിക്കുകയും പ്രസ്തുത നിയമനം ഭരണ സമിതി അംഗീകരിച്ച് നൽകുകയും ചെയ്തു. ടി ഓഫീസിൽ സീനിയർ ക്ലർക്കുമാരുടെ 3 തസ്തികകളാണ് ഉള്ളത്. ആയതിനാൽ തൊഴിൽ നികുതി. ലൈസൻസ്. വിവിധ പദ്ധതികൾ തുടങ്ങി പൊതുഭരണവുമായി ബന്ധപ്പെട്ട പല സെക്ഷനുകളും ജൂനിയർ ക്ലർക്കുമാർക്ക് കൂടി ചുമതല നൽകി കൊണ്ടാണ് ടി ഓഫീസ് പ്രവർത്തിച്ചുവരുന്നത്.

മേൽപ്രകാരം ഭരണസമിതിയുടെ തീരുമാനം നടപ്പിലാക്കാൻ സാധിക്കാത്ത അവസ്ഥ സംജാതമാവുകയും ഓഫീസ് പ്രവർത്തനം നടത്തി കൊണ്ടു പോകുന്നതിനായി. സർക്കാരിന്റെ മുൻകൂർ അനുമതി ലഭ്യമാക്കുന്നതിന് മുമ്പ് തന്നെ ദിവസവേതനാടിസ്ഥാനത്തിൽ ഒരു ക്ലർക്കിനെ 90 ദിവസത്തേക്ക് നിയമിക്കാൻ നിർബന്ധിതമാകുകയും ചെയ്തതിനാൽ. മുൻകൂർ അനുമതി ലഭിക്കുന്നതിനു മുമ്പുതന്നെ അടിയന്തര സാഹചര്യത്തിൽ കൈക്കൊണ്ട നിയമന നടപടിയ്ക്ക് സാധൂകരണം നൽകണമെന്ന് പരാമർശം പ്രകാരം പഞ്ചായത്ത് സെക്രട്ടറി അഭ്യർത്ഥിച്ചിട്ടുണ്ട്. മേൽപ്രകാരം നിയമിതനായ വ്യക്തിയുടെ സേവനം 2020 മാർച്ച് 31 ന് അവസാനിപ്പിച്ചതായും അറിയിച്ചിട്ടുണ്ട്.

മടവൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറി അഭ്യർത്ഥിച്ചിരിക്കുന്നതിന്റെ അടിസ്ഥാനത്തിൽ. ടി പഞ്ചായത്തിലെ അസിസ്റ്റന്റ് എൻജിനീയർ മെറ്റേണിറ്റി ലീവിൽ പ്രവേശിച്ചതിനെതുടർന്നുണ്ടായ അധിക ജോലിഭാരം കണക്കിലെടുത്ത് പഞ്ചായത്തിന്റെ തനത് ഫണ്ടിൽ നിന്ന് വേതനം നൽകി താത്കാലികാടിസ്ഥാനത്തിൽ ഒരു ക്ലർക്കിനെ 90 ദിവസത്തേക്ക് നിയമിച്ച നടപടി സാധൂകരിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**ഗോപകുമാർ യു**

**അണ്ടർ സെക്രട്ടറി**

1. സെക്രട്ടറി. മടവൂർ ഗ്രാമപഞ്ചായത്ത്. മടവൂർ പി.ഒ.. കോഴിക്കോട് - 673 585.
2. ചീഫ് എഞ്ചിനീയർ. തദ്ദേശ സ്വയംഭരണ വകുപ്പ്. തിരുവനന്തപുരം.
3. അക്കൗണ്ടന്റ് ജനറൽ (എ & ഇ/ഓഡിറ്റ്) . കേരള. തൃശ്ശൂർ

4. എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
5. വെബ് & ന്യൂ മീഡിയ. വിവര പൊതുജന സമ്പർക്ക വകുപ്പ്.
6. കരുതൽ ഫയൽ / ഓഫീസ് പകർപ്പ്.

ഉത്തരവിൻ പ്രകാരം
Signature valid
Digitally signed by
SREEKANTH
Date 2020 2 20:05 1 IST
Reason Approved
സെക്ഷൻ ഓഫീസർ